
GVHSS KANJIKODE





# ജി വി എച്ച് എസ്സ് എസ്സ് കഞ്ചിക്കോട്

2024

# ഇ മൊഴി



little KITEs

# പിൻമൊഴി



അക്ഷരം അഗ്നിയായി അപകടം
വരുത്തുന്ന 5G മുറ്റത്ത് നിന്നാണ് ഈ
പേജുകൾ നിങ്ങളെ തേടി എത്തുന്നത്.....

അക്ഷരം അറിവിന്റെ ആരംഭമാണെന്ന
തിരിച്ചറിവ് നൽകുന്ന ധൈര്യമാണ്
ഇതിനു പ്രചോദനം...

വിജ്ഞാനം വിരൽ തുമ്പിൽ വിസ്മയം വിടർത്തുന്ന താളുകളിൽ സ്ഫോടനം
വിതക്കുന്ന വിജ്ഞാന ധാരികളെയാണ് ഒരു ഭാഗത്ത് സൃഷ്ടിക്കുന്നതെന്ന
സത്യം മറച്ചു വെക്കുന്നില്ല.
അറിവിന്റെ കുതിച്ചു ചാട്ടം ആത്മഹത്യാപരമായ പല അടുത്ത
ചാട്ടങ്ങൾക്കും വഴിവെക്കുന്നുമുണ്ട്.

ഈ തിരിച്ചറിവിൽ നിന്നും വിദ്യാഭ്യാസം സാര സമ്പൂർണ്ണമായ
പ്രക്രിയയാക്കി മാറ്റാനുള്ള ഏറിയ ശ്രമമാണ് വരും
താളുകൾ

**-ടീം മാഗസിൻ -**

# സന്ദേശം



## പ്രീജ വി പി

(ഹെഡ് മിസ്ട്രസ് ജി വി എച് എസ് എസ് കഞ്ചിക്കോട് )

ജി.വി.എച്.എസ്.എസ് കഞ്ചിക്കോടിന്റെ മികവുകളിലേക്
ചേർത്ത് വെക്കും വിധം ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ
മാഗസിൻ പ്രസിദ്ധീകരിക്കാൻ പോകുന്നു എന്നറിഞ്ഞതിൽ
വലിയ സന്തോഷമുണ്ട്.അത് യാഥാർഥ്യമാകുന്ന ഈ
അവസരത്തിൽ മാഗസിന്റെ അണിയറ ശില്പികളെ
അനുമോദിക്കുന്നു. നമുക്കിനിയും മുന്നോട്ടു
പോകാനുണ്ട്.രക്ഷിതാക്കളുടെ സഹകരണം
പ്രതീക്ഷിക്കുന്നതോടൊപ്പം ഡിജിറ്റൽ മാഗസിന് ആശംസകൾ
നേരുകയും ചെയ്യുന്നു.

# എന്റെ കേരളം....

തുഞ്ചന്റെ പൈക്കിളി പാടിനാടൊന്നൊരു
പാട്ടല്ലയോ ഈ കേരളം
പച്ചപ്പടർന്ന ഹരിതാവനകൾ തൻ
പച്ചയാം ഉടുപ്പിട്ട കേരളം ,കേരനിരതൻ കേരളം
കവികൾ കവിതായം
കലാകാരൻതൻ തൂലിയം കേരളം
പുഴതൻ ഓളങ്ങൾ തഴുകിയുണർത്തുന്ന
തരളിതയാം കേരളം
അമ്മതൻ വെണ്മ നിറയുന്ന
വാത്സല്യ നിധിയല്ലോ കേരളം
കലതൻ കലാക്ഷേത്ര തൻ
കലാകാരിയാം കേരളം
പുഞ്ചിരിയും പുലരിതൻ
പുഞ്ചപ്പാട്ടാർന്ന കേരളം
പാടങ്ങളും കാവുകളും
പിന്നെ മൂവന്തിച്ചോലകളും തൻ
ചന്തമേറിയവളല്ലോ കേരളം
പിച്ചവച്ച നടന്ന മണ്ണിൽ
ഉയർന്നവൾ വാനിൽ പറന്നു
കൈകോർത്തു നിൽക്കും ഞങ്ങൾ
കേരളീയ കൈരളി തൻ
മക്കൾ.......



# മഴയെ പ്രേമിച്ച മാലാഖ



കറുത്തിരുണ്ട് കൊണ്ട് ആ കാർമേഘങ്ങൾ വരവായി .ചെഗ്ഗനാൽ നിറമുള്ള ആ സന്ധ്യ ഇരുണ്ട കണ്ണുകളുള്ള രാത്രിയിലേക്ക് മാറുന്ന സമയമായിരുന്നു അത് . അവൾ പുസ്തക വായനയിലായിരുന്നു .അവൾ പുസ്തകത്തിൽ നിന്ന് ആകശത്തിന്റെ ഏറ്റവും മുകളിലേക്ക് ഒരു ദീർഘ നിഷ്യസത്തോടെ നോക്കി . പിന്നെയും അവൾ വായനയിലേക്ക് കടന്നു . എവിടെയോ വച്ച് അക്ഷരങ്ങൾ നിശബ്തമായി .കാര്മുകിളികൾ ഇളം ചൂടുള്ള ആ മഴത്തുള്ളികളെ വിടവാകുന്ന സമയമായി . മഴയുടെ വരവും കാത്തു അവൾ പൂമുഖത്തു തന്നെ നിന്നു . ആദ്യത്തെ മഴത്തുള്ളികളും കാത്തു അവൾ വിസ്മയത്തോടു കൂടി കൈകൾ നീട്ടി നിന്നു . എന്നാൽ കാർമേഘങ്ങൾ നീങ്ങുകയായി . ഒരു തുള്ളി പോലും മഴ തരാതെ!! അവളുടെ കൈകൾ അക്ഷമരായി .നീട്ടിനിന്ന ആ ഇരുകൈകളും ഒന്നും മിണ്ടാതെ വിടവാങ്ങി .ഒന്നോ രണ്ടോ ; വലിയ രണ്ടു കാർമേഘങ്ങൾ മാത്രം അവിടെ നിലച്ചു .അവൾ മഴവരുമെന്ന പ്രതീക്ഷയോടെ പൂമുഖത്ത തന്നെ നിന്നു .ഉള്ളിൽ നിന്ന് അവളുടെ 'അമ്മ വിളിച്ചു ; അവൾ കേൾക്കാത്ത ഭാവം നടിച്ച അവിടെ തന്നെ നിന്നു .അവളുടെയും ക്ഷമ നശിച്ചുകൊണ്ടിരിക്കുകയാണ് .പെട്ടന്ന് മഴത്തുള്ളികൾ വീഴുന്ന ശബ്ദ വിസ്മയം .അവൾ തലയൊന്നു കുനിച്ചുനോക്കി ; അതെ മുറ്റത്തിനപ്പുറമുള്ള പാടങ്ങളിൽ ഇളം ചൂടും തണുപ്പുമുള്ള മഴത്തുള്ളികൾ വീഴുന്നു . അതിൽ നിന്ന് നീരാവി ഉയരുന്നു ഒരു മഞ്ഞു മൂടൽ പോലെ . അവൾ പെട്ടന്ന് കൈകൾ നീട്ടി : മഴ തന്നെ തോട്ടത്തിലുള്ള സന്ദോഷവും ആഹ്ളാദവും അവളുടെ കണ്ണുകളിൽ ഒരു നേർത്ത വെളിച്ചമായി മാറി .മഴ മെല്ലെ മെല്ലെ ഒതുങ്ങി കൂടി പെട്ടന്ന് നിന്നു .അവൾ ഇന്നും മഴയ്ക്കു് വേണ്ടി കാത്തിരിക്കുന്നു ............................

# നിലാവിനോട്

ഓടിവാ ,ഓടിവാ പൂനിലാവേ
ഓമനകുന്നിന്റെ മുന്നിൽ വാ നീ
പിഞ്ചുകൈ നീട്ടി കുതുക്കത്തോടെ
കൊഞ്ചി വിളിക്കുന്നു പൈതൽ നിന്നെ
അമ്പിളിത്തേർ വിട്ടിറങ്ങി വാ നീ
അക്കൊണ്ടൽ ആനമേൽ ഏറിവാ നീ
ഓടിവാ ,ഓടിവാ പൂനിലാവെ
ഓമനകുഞ്ഞിന്റെ മുന്നിൽ വാ നീ
പാരത്തിൽ വന്നു കളിക്കും നേരം
പാലും പഴവും തരുന്നതുണ്ട്
പൂപ്പന്തലിലെറി കളിക്കും നേരം
പൂതേനും പൂവും തരുന്നതുണ്ട്
വിണ്ണിൽ നിന്ന് അമ്പിളി
കൊച്ചമ്മാവൻ
കണ്ണാടി ഒന്ന് കൊടുത്തയക്കും
തുമ്പപൂ കണ്ടിട്ടു തുല്ലുചൊല്ലും
തുവാല ഇങ്ങു കൊടുത്തയക്കും
ഓടിവാ ,ഓടിവാ പൂനിലാവേ !
ഓമനകുഞ്ഞിന്റെ മുന്നിൽ വാ നീ .........



## 'തവളയുടെ വിലാപം '

പുഴയോരത്തിങ്കൽ ഞാൻ നിൽക്കയായിരുന്നു.
ഒരു തുവെട്ടം കണ്ടു ഞാൻ നിന്നതായിരുന്നു.
തുവെട്ടം കണ്ടു ഞാൻ നിൽക്കയായിരുന്നു .
എന്നെ വെട്ടിപിടിക്കുമെന്നറിഞ്ഞതില്ല .
പുഴക്കുളിലെൻ പൈതങ്ങളോ ഇപ്പോൾ -
അമ്മയെ കാണാതെ കേഴുകയാവാം .
മാറിയേ വിളിച്ചു വരുത്തുന്നതോ
എന്റെ കർമത്തിൽ ഭാഗവുമായിരുന്നു
എൻ വർഗം നാമകരണപെട്ടാൽ പിന്നെ-
ആരുണ്ട് മാറിയേ വിളിച്ചു വരുത്താൻ .......



# എന്റെ അമ്മ



യഥാർത്ഥ സ്നേഹത്തിൻ
തേൻകുടമാണവൾ
മറയാത്ത,മറയാത്ത
പൂർണ്ണേന്ദുവാണവൾ
എൻ തെറ്റുകൾ പൊറുക്കും
വൻ കോടതിയാണവൾ
തുളുമ്പുന്ന സ്നേഹക്കുടങ്ങളിൽ
തുളുമ്പാത്ത മൺകുടമാണവൾ
ഇലകൾ പൊഴിഞ്ഞിടും
എൻ ജീവിതയാത്രയിൽ
കൊഴിയാത്ത താമരയിലയാണവൾ,
തൻ വിശപ്പ് ശമിപ്പിച്ചവൾ,
എന്നെ സന്തോഷിപ്പിക്കാൻ
സ്വയം കത്തിയെരിഞ്ഞവൾ
അവളാണെൻെറ അമ്മ.....!

# 'ഞാൻ അന്ധൻ' ..



ഞാൻ അന്ധൻ.
അന്ധനായി പിറവികൊണ്ടതിൽ
ഏറെ ദുഖിച്ചു ഞാൻ.
എങ്കിലോ ,
ഇന്ന് സന്തോഷിക്കുന്നു ഞാൻ,
അന്ധനായി പിറന്നതിൽ
ഏറെ സന്തോഷവാനാകുന്നു ഞാൻ,
രാജ്യത്തിൽ നടമാടുന്ന അനീതി
ഇന്നെനിക് കാണേണ്ടതില്ലല്ലോ.
അതിൽ തൃപ്തനാകുന്നു ഞാൻ .

# നഷ്ട സ്വപനങ്ങൾ



നിച്ഛലം , നിരാലംബം ,ശൂന്യമീ വേള
ഓർമകളിൽ വൃശ്ചിക കാറ്റടിക്കുന്നു
നിൻ സൗമ്യോ ധാര മൃദു സ്പർശം
ആത്മാവിലേക്കൊഴുകും പാൽ പുഞ്ചിരി
വാർന്നു വീഴും ഇളവെയിൽ ചീളുകൾ
എത്ര സാന്ദ്രരാഗ സന്ധ്യകൾ ?
കാലിട്ടടിക്കുന്നതു ഓർമ്മതൻ
ദുഃഖ പ്രളയബതിയിൽ
അലറുന്നതെന്തു ? കറുത്തവാവോ
ഓർമ്മതൻ കടൽ തീരങ്ങളിൽ ?
ജാതകത്തിൽ കറുത്ത നക്ഷത്രം
ദശകളിൽ രാഹു ,ശനിയുടെ നോട്ടം
അസ്തമിച്ചല്ലോ സപ്തവര്ണങ്ങള്
അലയാമിനി ഏകാന്തമായി
ഇരുളിൽ കാന്താര സീമകളിൽ ......

# തരുണയുടെ ബുൾബുൾ



പൊൻചെമ്പകത്തിന്റെ നിറവും, ആമ്പലുപോലെ അഴകും, കറുത്ത സമൃദ്ധമായ മുടിയുമുള്ള പെൺക്കുട്ടിയാണ് തരുണ.അവൾക്ക് ഏതാണ്ട് പത്ത് വയസ്സ് ആയിക്കാണും.എട്ട് സെന്റ് സ്ഥലവും ഒരു കൊച്ചു വീടും,അമ്മയും അച്ഛനും പച്ചപ്പ് നിറഞ്ഞ തോട്ടവുമാണ് അവളുടെ   സ്വത്ത്. 'തരു'ണ എന്ന പേരുള്ളതു കൊണ്ടാണോ എന്നറിയില്ല, ചെറുപ്പം മുതലേ അവൾക്ക് ചെടികൾ നട്ടുപിടിപ്പിക്കുന്നതിലും അതിനെ സംരക്ഷിക്കുന്നതിലും വലിയ താൽപര്യം ഉണ്ടായിരുന്നു.അവളൊരു പ്രകൃതി സ്നേഹിയായിരുന്നു.വീട്ടിൽ കളിക്കാനോ കൂട്ടുകൂടാനോ സുഹൃത്തുക്കൾ ഇല്ലാത്തതുകൊണ്ട് അവൾ ചെടികളോടും സംസാരിക്കും.

'എണീക്കടീ, നേരം വെളുത്തു;നിനക്ക് സ്കൂളിലൊന്നും പോകേണ്ടേ?' എന്നുപറഞ്ഞുള്ള



അമ്മയുടെ ശകാരങ്ങൾ കേട്ടാണ് അവൾ എന്നും ഉണരുന്നത്.അന്ന് തികച്ചും വ്യത്യസ്ത തരത്തിലുള്ള മധുരിപ്പിക്കുന്ന ഒരു ഗാനം കേട്ടാണവൾ ഉണർന്നത്. അവൾ ജനാലയിലൂടെ പുറത്തേക്ക് നോക്കി. മുറ്റത്തെ പുൽത്തുമ്പുകളിൽ ഒരു കുഞ്ഞുസൂര്യൻ തിളങ്ങി. അവൾ മാവിലേക്ക് നോക്കി;പച്ചിലചാർത്തിന്റെ ഇടയിൽ ഇരിക്കുന്ന തന്റെ പുതിയ അതിഥിയെ അവൾ കണ്ടുപിടിച്ചു. അവളെക്കണ്ടതും ആ കറുത്തതൊപ്പിക്കാരി പറന്നുപോയി.

തരുണ ഓടിച്ചെന്ന് മേശയിലെ, അച്ഛന്റെ സ്മാർട്ട് ഫോൺ എടുത്തു; ഗൂഗിളിൽ സേർച്ച് ചെയ്തു. അതിലൂടെ ആ കിളിയുടെ പേര് ബുൾബുൾ എന്നാണെന്ന് അവൾ മനസ്സിലാക്കി. ഫോണുമായിനിൽക്കുന്ന തരുണയെ കണ്ടതും അവളുടെ അമ്മ ശകാരിച്ചു.തരുണ ഫോൺ അവിടെതന്നെ വച്ചു.സ്കൂളിൽ പോകാൻ തയാറായി.

സ്കൂൾ കഴിഞ്ഞ് വന്നതും അവൾ കൂടിനടുത്തത്ത് ഓടും. അവരോട് സംസാരിക്കും. ആ സന്തോഷദിവസങ്ങൾ അങ്ങനെയങ്ങനെ നീങ്ങികൊണ്ടിരുന്നു.

ഒരു ദിവസം അവൾ സ്കൂൾ വിട്ട് വന്നതും ബുൾബുള്ളിനെ കാണാൻ ചെന്നു. അത് ചെമ്പരത്തി ചെടിയിലാണ് കൂട് കൂട്ടിയിരിക്കുന്നത്. അന്നേരം അവൾ രണ്ടു ബുൾബുള്ളിനെ കണ്ടു. പിന്നെ ആ കിളികൾ അവളുടെ പ്രിയസുഹൃത്തുക്കളായി മാറി. അവർ തരുണയെ ഒരു സുഹൃത്തായി കാണാൻ തുടങ്ങി.

അങ്ങനെയൊരു ദിവസം ആ കൂടിനുള്ളിൽ തരുണ മൂന്ന് മുട്ടകൾ കണ്ടു. അവൾ വളരെയധികം ആനന്ദിച്ചു. അന്നുമുതൽ അവൾ ആ കിളികളെ നന്നായി സംരക്ഷിക്കാൻ തുടങ്ങി.

ഒരു ദിവസം ആ മുട്ടകൾ വിരിഞ്ഞു.അതിൽ നിന്നും കുഞ്ഞുബുൾബുള്ളുകൾ പുറത്തേക്ക് വന്നു. തരുണയ്ക്ക് അത് വളരെ ഇഷ്ടപ്പെട്ടു. അവരെവിട്ട് സ്കൂളിൽ പോകാനേ അവൾക്ക് മനസ്സില്ലായിരുന്നു. സ്കൂൾ കഴിഞ്ഞ് വന്നതും അവൾ അവരോട് സംസാരിക്കും. ആ സന്തോഷദിവസങ്ങൾ അങ്ങനെയങ്ങനെ നീങ്ങിക്കൊണ്ടിരുന്നു.

# താൻ കുഴിച്ചകുഴിയിൽ താൻ തന്നെ വീണു

അപ്പുവും അബിയും ഒരേ ക്ലാസിലാണ് പഠിച്ചിരുന്നത്. അവരുടെ വീടുകളും അടുത്തടുത്താണ്.



പക്ഷേ, അവരുടെ സ്വഭാവത്തിനുമാത്രം അടുപ്പമുണ്ടായിരുന്നില്ല. അപ്പു നന്നായി പഠിക്കും. നല്ല സ്നേഹത്തോടെ എല്ലാവരോടും പെരുമാറും. അതുകൊണ്ട് എല്ലാവർക്കും അപ്പുവിനെ ഇഷ്ട്ടമായിരുന്നു. എന്നാൽ അബിയുടെ സ്വഭാവം നേരെ മറിച്ചായിരുന്നു. അവൻ പാഠങ്ങളൊന്നും ശരിക്കും പഠിക്കില്ല. സ്കൂളിൽ വന്നാൽ മറ്റുള്ള കുട്ടികളെ ശല്യം ചെയ്യും. അങ്ങനെ ഓണപ്പരീക്ഷ കഴിഞ്ഞു.അപ്പുവാണ് ക്ലാസ്സിൽ ഒന്നാമൻ അബിക്ക് എല്ലാ വിഷയത്തിനും വട്ടപ്പൂജ്യമാണു ലഭിച്ചത് ഇതിൽ അബിക്ക് അസൂയതോന്നി. അപ്പുവിനെ ഉപദ്രവിക്കാൻ പല തരത്തിലും ശ്രമിച്ചു. എന്നാൽ അബി അപ്പുവിന്റെ വീട്ടിനടുത്തുള്ള വഴിയിൽ കുഴികുത്തി പിറ്റേ ദിവസം അബിയുടെ അച്ഛൻ വൈക്കോൽ തലയിൽ വച്ച് അപ്പുവിന്റെ വീടിന്റെ മുന്നിലൂടെ പോകുമ്പോൾ അബിയുടെ അച്ഛൻ അറിയാതെ അബി കുഴിച്ച കുഴിയിൽ വീണു. അയാൾ ഉറക്കെ നിലവിളിച്ചു.അയൽക്കാർ ഓടിയെത്തി.

# നേരം

പുഴയോരത്തു നേരം
തുഴയെ കാത്തുനിന്നു
തനിയെപാട്ടുപാടി

മഴയോരത്തു നേരം
മഴയെ കാത്തുനിന്നു
മറയില്ലാതെ തേങ്ങി

മണലോരത്തു നേരം
മഴയെ കാത്തുനിന്നു
വെയിലറുവാൻ കാത്തു

വഴിയോരത്തു നേരം
കളിയാട്ടങ്ങൾ കണ്ടു
കിളിയെകാത്തുനിന്നു

മിഴിയോരത്തു നേരം
വെറുതെ കാത്തുനിന്നു
തിടുക്കം പൂണ്ടു നിന്നു



# ഇല....

" ഞാൻ ഇല"

ഒരില .

ഞാൻ ഒരില .

കരിഞ്ഞുവീണ കരിയില .
ചില്ലയിൽ തൂങ്ങികിടക്കുമ്പോൾ
മന്ദമാരുതൻ സ്പർശനമേറ്റു
ആടികളിക്കുമ്പോൾ
എന്റെ ഭംഗി ആസ്വദിക്കുവാൻ

എത്ര പേർ .

ഇന്നെനിക് ഭംഗിയില്ല .
ഞാൻ ഹരിതവർണം വെടിഞ്ഞ

കരിയില്ലയല്ലയോ.

കരിയിലകെന്തു ഭംഗി ?

എങ്കിലും, അവർക്കെന്നെ വേണം.
ഇന്നത്തെ അന്നത്തിനു

തീകൂട്ടുവാൻ ഞാൻ തന്നെ വേണം.

അതിനല്ലയോ എന്നെ

പെറുക്കിക്കൊണ്ടു വന്നിരിക്കുന്നത്.



## ’ സൗഹൃദം’




സൗഹൃദ ചെപ്പു തുറക്കുമ്പോൾ

നീയെനിക്കു സമ്മാനിച്ച

ചെമ്പനീർ പൂവിൻ ഗന്ധമെന്നെ

സ്നേഹാർദ്രമായി തഴുകുന്നു .........

നശ്വരമായി മലരുണങ്ങാം

പൂ മണവും മാറാം ....

നിമിഷങ്ങളിൽ ഇതൾ

കൊഴിയുന്ന ജീവിതത്തിൽ

പവിത്രമാം ഹൃദയ ബന്ധത്തിൽ

നമ്മളിൽ തളിർത്ത

വസന്തരാമത്തിൽ

വാസന പൂക്കൾ


അനശ്വരമെന്നറിയുക.......

# ' കൊട്ടുംകാറ്റിന്റെ താണ്ഡവം'

ഓടിത്തളർന്നു വരുന്നൊരുനേരത്തു
വാരിപുണരുവാൻ ആരുമില്ലേ .
അച്ഛാനീ എനികരുമല്ലേ .
വാരിപുണരുവാൻ ആളുമില്ലേ .
ഒരു കൊട്ടുംകാറ്റിന്റെ താണ്ഡവത്തിലിന്ന്
കടപുഴക്കിവീണതോ വന്മരങ്ങൾ.
ഓർക്കാപുറത്തുള്ള വീഴ്ചയല്ലോ
ഓര്മകളെയെല്ലാം നശിച്ചതല്ലോ.
കൊട്ടുംകാറ്റ് വന്നക്ക പോയി മറഞ്ഞു
എൻകിനാവേലമേ മാഞ്ഞുപോയി .
വിജനമാം വിധിയിൽ ഏകയായി
എന്തിനീ ഞാനെന്നെ ബാക്കി പത്രം .
ഇന്ന്,എന്തിനുവേണ്ടിയി
ഞാൻ എന്ന ബാക്കി പത്രം ..



# കാഴ്ച്ചയുണ്ടെങ്കിൽ



ഒരു നാൾ  കാഴ്ച്ചയുണ്ടെങ്കിലിണഞാൻ

ഓരോ നാളും കൊതിപ്പു

എൻ സ്ന്ഹമാർന്നമ്മയെ കാണാൻ

കിനാവാർന്ന ദൈവത്തെ കാണാൻ

സൂര്യനെ നോക്കി പുഞ്ചിരിക്കും

നിറമാർന്ന  പൂക്കളെകാണാൻ

ഈണത്തിലൊന്നു പാടും

പൂങ്കുയിലിനെയൊന്നു കാണാൻ

കാറ്റിന്റെ ഈണത്തിലാടും

കടലിന്റെ  അലകളെ കാണാൻ

സ്നേഹത്തിൽ വാരിപുണരും

# എൻ അച്ഛനെയൊന്നു  കാണാൻ

# അല്പം കുസൃതി....!

കൊട്ടാരം പച്ച രാജാവ് വെളുത്തു മക്കളൊക്കെ കറുത്തിട്ടു ?

ഉ ;ചീധാരങ്ങ

പുളിപ്പും മധുരവും ഈർപ്പവും ഉള്ള മരമേത് ?

ഉ;നെല്ലിക്ക

സോപ്പിട്ടു കഴിഞ്ഞാൽ അവൻ കത്തി എടുക്കും ?

ഉ ;ബാർബർ

കൈയിലാണ് വടി  വായിൽ മധുരം ?

ഉ ;കരിമ്പ്



ചുവന്ന സായിപ്പിന്   കറുത്തതല ?

ഉ ;കുഞ്ഞിക്കുരു

ആര്കുംകേൾക്കാണ് പറ്റാത്ത ശബ്ദം?

ഉ;നിശബ്തം

നമ്മുടെ സ്വന്തം  പക്ഷെ ഉപയോഗിക്കില്ല ?

ഉ ;പേര്

രണ്ടു സഹോത്രിമാർ ഒന്നിച്ചാൽ പിരിപ്പിക്കും ?

ഉ ;കത്രിക

ചുവന്ന സെഞിയിൽ നിറയെ സ്വർണ നാണയങ്ങൾ?

ഉ ;പപ്പടമുളക്കു

വല നെയ്യും ഞാൻ മുക്ക് വനല്ലഞാൻ ?

ഉ ;
ചിലന്തി

## തീപ്പൊരി



കിറിപ്പോയ താളുകളിൽ നിന്നു

മുറിന്നു പോയ അക്ഷരങ്ങളേ

വേർതിരിക്കുമ്പോൾ

ഒരു നെടുവീർപ്പു മാത്രം ബാക്കിയാവുന്നു

ചപ്പില കൂട്ടങ്ങളിൽ തീമഴ പെയ്യുന്നതു

പോലെ

സ്വപ്നങ്ങളൊക്കയും

# മരിക്കുന്ന നിള..

നിളേ....

നിന്റെ തീരത്തു കാണുന്ന തെന്തേ ........,

നിളേ..........,

നിന്റെ വിരിമാറത്തു കാണുന്നതെന്തേ ........,

നിളേ ..........,

നിൻ കൈവരിയാം കോരയാറിലും കാണുന്ന തെന്തേ

മണലൂറ്റി വിൽകുന്ന മണൽ മാഫിയ

നിന്റെ വിരിമാറ് വെട്ടിപ്പൊളിച്ചൂ

ജലമൂറ്റി വിൽക്കുന്ന ജലമാഫിയ

നിന്റെ ചുടുചോരയൂറ്റിക്കുടിച്ചൂ .

എന്നിട്ടും തീരാതെ

ആർത്തി പൂണ്ട വർഗ്ഗം

നിന്നെയും വെട്ടി വിൽക്കുന്നു

ദാഹജലത്തിനായി കേഴുന്ന മർത്ത്യനു

എന്തു നല്കും എന്റെ പൊന്നു നിളേ

നീ.......

എന്തു നല്കും എന്റെ പൊന്നു നിളേ



## ' കല്ല്'

അന്നു ഞാൻ വെറുമൊരു കലായിരുന്നു
അലക്കുകാരന്റെ അലക്കുകല്ല .
മീൻ പിടുത്തക്കാരന്റെ മിനുരക്കല്ല .
 കുളിക്കുന്നവന്റെ കാലുരക്കല്ല ..
ഇന്നുഞാൻ ഭാവത്തിലും ഭേദത്തിലും മാറി .
ഇന്ന് ഞാൻ വെറുമൊരു കല്ലല്ല .
കൈയും കാലും തലയുംമുള്ള .
ഒരു വിഗ്രഹമായി മാറി .
എന്റെ തലക്കുമുകളിൽ കിരീടവും .
ദേഹമാസകലം സ്വർണം -വജ്ര ആഭരണകളും .
എന്നകമാനം പൂക്കളാൽ മൂടപ്പെട്ട -
എന്നെ തൊഴുതുവണങ്ങുവാൻ കോടാനകോടി ജനകളും -
ഹാ ...........
എന്തുഭംഗി ...........
ഞാനൊരു കല്ലായി ഭൂമിയിൽ രൂപപെട്ടതിനാൽ
ഹാ ...........
എന്തുഭംഗി ........ എന്തുഭാഗ്യം.........



# ' പുകയില '

ഞാനും നുകർന്ന് പുകയില.

സുഖം വരുമ്പോൾ

ദുഃഖം വരുമ്പോൾ

ഞാനും നുകർന്ന് പുകയില.

ചുമയും ആസനനതയിൽ

ഞാനും കണ്ടു വൈദ്യരേ

ഒടുവിൽ ........

ഞാനും പറന്നു

പുക ഇല്ല.



# ചിതറിയ ചിന്തകൾ

എവിടെയോ ജിവിതം

നിണബിന്ദുവിൽ മുക്കി



നിനവുകളുടെ

പാഴ്ക്കടലാസുകളിൽ

എഴുതുന്നു.

തൃഷ്ണാർത്തമാം

ശോകഗാനം

ഏങ്ങോ

മിഴിനീരുചാലിച്ച യാതനയിൽ

അട്ടഹാസത്തിൽ കയങ്ങളിൽ

ശോകാർദ്രമെരിയുന്ന വീണയിൽ

ശ്രുതിതാളമിടറുന്ന തന്ത്രിയിൽ

പാഴായ ചിന്തയുടെയീണം

കാലം മറന്നിട്ട വാതിലുകളിലാരോ..........

തിരിവെട്ടം കാണിക്കുകയായി

# THE MYSTERIOUS NATURE



The clouds are moving,
Like a cotton bundles.
sometimes the light touch it
It will shine and chill
That closed my eyes.
OH' GOD! i'm moving;
Birds are near to me
I touched and concalenate
Then maked it as a alcazar.
OH i'am near to sun, it's
Lights are flowing down.
There is receptacle to stop
WOW! , the infra part is nice
Small bushes are playing

Hide and seek



Tall trees areseeing it very

sedately.

Those are like a cauliflowers

Rivers are a thread that it

like outbreak.

Birds are with me, HAPPY

OH! NO?.........

Where is my wings

Where i'm.....?

Sho...it will gone.



Actually the NATURE was

MYSTERIOUS ! isn't it?......

# ALWAYS ALONE



Still and always Alone.......

you do not need to be good,

you need not walk on your knus,

But,

At the time you feel alone,That's

the moment of a great failure in our life.

As,others were,I have not seen on my side.....

They will be 10,And I am zero......

From the lightning in the sky........

It paused me walked by........

I am a zero dor others but a hero in my life.

And the clouds that looked the form

When the rest of the heaven is blue.....

Of a demon in my views........

Still and always alone



*MOTHER*

*She is a shining star*
*My  I love my mom*
*mom's love is great*
*that i can't explain*
*My mom's love is a miracle*
*Her smile is my strength*
*A lot she cares me……*
*My encourager, My everything*
*She is my companion,*
*She is the supporter of my life*
*She is the one who knows me,*
*Who patiently wipes all my tears.*
*My mom's love is not so fair.*
*Together forever in my prayer.*
*I want you always with me.*

## *THE GUEST*

"Oh! Autumn
*Thy enchanting beauty*
*Is beyond comparison*
*And I'm in a bliss*
*While the sweet melody*
*Reaches from thy*
*Uncontrollable some atmosphere*
*Of stand still state*
*Thy fragrant flower*
*Burst out in the golden*



*Rays of the Perenial source*
*Let me dessolve in thy*
*Misly environment*
*Oh Guest........... oh my choly*
*Upon me"*



# *எனது பள்ளி*

எனது பள்ளி ஒரு
தேன்கூடு போல
மாணவர்களாகிய நாங்கள்
தேனீக்கள் போல
எங்களை வழிநடத்தும்
ராணிதேனியாக ஆசிரியர்
தேனி பூக்களிலிருந்து
தேனை சேகரிப்பது போல
நாங்கள் இங்கிருந்து
அறிவை சேகரிக்கிறோம்!
ராணிதேனியை இழந்தால்
தேனீக்கள் கூட்டை விட்டு
பிரிந்து செல்வதைப் போல
நாங்கள் பத்தாம் வகுப்பு
முடிந்ததும் பிரிந்து செல்வோம்!
எனது பள்ளி.... என்றதும்
நினைவுக்கு வருவது......
அடுக்கடுக்காய் கட்டிடங்கள்!
வரிசையாய் செல்லும் மாணவர்கள்!
எத்தனையோ மொழி பேசும் மாணவர்கள்!
ஓடத்தெரியாத நானும் ஓடினேன்
பாடத்தெரியாத நானும் பாடினேன்
ஆடத்தெரிரியாத நானும் ஆடினேன்
பூக்களம் போடத்தேரியாத நானும் போட்டேன்
இத்தனையும் சொல்லித்தந்தது எனது பள்ளி....
நினைத்தாலே இனிக்கும்.......
எனது பள்ளி....எனது பள்ளி.....எனது பள்ளி!

மஞ்சு டீச்சர்